"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ത.സ്വ.ഭ.വ-കോട്ടയം നഗരസഭ 13-ാം വാർഡിൽ കെ.എം. വർഗ്ഗീസ് റോഡിന്റെ ഇരുഭാഗത്തുമുള്ള എസ് എച്ച് മെഡിക്കൽ സെന്റർ ആശുപത്രിയുടെ കെട്ടിടങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് നടപ്പാലം നിർമ്മിക്കുന്നതിന് അനുവാദം നൽകുന്നതിന് നഗരസഭ സെക്രട്ടറിക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ എ)വകുപ്പ്**

സ.ഉ.(സാധാ) നം.14/2026/LSGD തീയതി, തിരുവനന്തപുരം, 01-01-2026

---

പരാമർശം:-

1. നഗരകാര്യ ഡയറക്ടറുടെ 29.01.2022-ലെ DC3-1129/2022 നമ്പർ കത്ത്

2. കോട്ടയം എസ് എച്ച് മെഡിക്കൽ സെന്റർ ഡയറക്ടറുടെ 25.08.2022, 03.01.2023, 31.10.2025 തീയതികളിലെ അപേക്ഷകൾ

കോട്ടയം നഗരസഭ 13-ാം വാർഡിൽ ശാസ്ത്രി റോഡിനെയും നാഗമ്പടം റെയിൽവേ സ്റ്റേഷൻ റോഡിനെയും തമ്മിൽ ബന്ധിപ്പിച്ചിരിക്കുന്ന കെ.എം വർഗ്ഗീസ് റോഡിന്റെ ഇരുഭാഗത്തുമുള്ള എസ്എച്ച് മെഡിക്കൽ സെന്റർ ആശുപത്രിയുടെ കെട്ടിടങ്ങളെ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് മറ്റൊരു നിർമ്മിതിയും നടത്താതെ നിയതമായ ഉയരത്തിലും ആവശ്യമായ വീതിയിലും നടപ്പാലം നിർമ്മിക്കുന്നതിന് എസ് എച്ച് മെഡിക്കൽ സെന്റർ ഡയറക്ടർ നൽകിയ അപേക്ഷയിൽ ഉചിതമായ തീരുമാനം എടുക്കുന്നതിനായി സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുന്നതിന് 12/11/2021-ൽ ചേർന്ന നഗരസഭ കൗൺസിലിന്റെ 39-ാം നമ്പരായി തീരുമാനം കൈക്കൊണ്ടതു പ്രകാരം മേൽ വിഷയത്തിൽ സർക്കാർ തലത്തിൽ തീരുമാനമെടുക്കുന്നതിനായി നഗരസഭ സെക്രട്ടറി നൽകിയിരുന്ന പ്രൊപ്പോസൽ പരാമർശം (1) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു.

2) നിർദിഷ്ട നടപ്പാലത്തിന്റെ നിർമ്മാണം മുനിസിപ്പൽ റോഡിലൂടെയുള്ള വാഹനഗതാഗതത്തെയും കാൽനടസഞ്ചാരത്തെയും യാതൊരു രീതിയിലും തടസ്സപ്പെടുത്തുകയോ ബുദ്ധിമുട്ടുണ്ടാക്കുകയോ ചെയ്യുന്നതല്ലെന്നും നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന റോഡ് കൂടുതലായും ആശുപത്രിയിലേക്ക് വരുന്ന വാഹനങ്ങളും ആളുകളുമാണ് ഉപയോഗിക്കുന്നതെന്നും ടി റോഡിൽ ആറുമീറ്റർ ഉയരത്തിൽ രണ്ടുമീറ്റർ വീതിയിൽ ഇരുമ്പു ബാറുകളും ഇരുമ്പ് ഷീറ്റുകളും ഉപയോഗിച്ച് രണ്ട് മീറ്റർ വീതി മാത്രമുള്ള ഒരു താൽക്കാലിക പാലമാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും ആശുപത്രിയുടെ കാർഡിയോളജി വിഭാഗം, കാത് ലാബ്, ഐ.സി.യു. മുതലായവ റോഡിനു പടിഞ്ഞാറ് വശത്തുള്ള കെട്ടിടത്തിലായതിനാൽ റോഡിന് കിഴക്ക് ഭാഗത്തുള്ള പ്രധാന കെട്ടിടത്തിൽ കിടത്തി ചികിത്സിക്കുന്ന രോഗികളെ വീൽചെയറിലും സ്ട്രെച്ചറിലും ടി റോഡ് കുറുകെ കടത്തേണ്ടതായ

ഒരു അവസ്ഥയാണ് നിലവിലുള്ളതെന്നും തീരെ അവശനിലയിലുള്ള രോഗികളെ കനത്ത വെയിലത്തും മഴയത്തും അപ്രകാരം കൊണ്ടുപോകേണ്ടതായ സാഹചര്യം പലപ്പോഴും ഉണ്ടാകാറുണ്ടെന്നും ഇപ്രകാരം പോകുന്ന സാഹചര്യങ്ങളിൽ ആശുപത്രിയിലേക്ക് തന്നെ വരുന്ന വാഹനങ്ങൾ പലപ്പോഴും ബ്ലോക്കാവാറുണ്ടെന്നും എമർജൻസിയായി വരുന്ന വാഹനങ്ങൾ ഉള്ളതുകൊണ്ട് അപകടത്തിനുള്ള സാദ്ധ്യതയും വളരെ കൂടുതലാണെന്നും ഒരു പാലം നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചാൽ മേൽ വിവരിച്ച ബുദ്ധിമുട്ടുകൾ എല്ലാം തന്നെ ഒഴിവാകുന്നതാണെന്നും എപ്പോൾ ആവശ്യപ്പെട്ടാലും ഉടൻ തന്നെ അഴിച്ചു മാറ്റാവുന്ന തരത്തിലുള്ള ഒരു പാലമാണ് ഉദ്ദേശിക്കുന്നതെന്നും കൂടാതെ സർക്കാർ നിർദ്ദേശിക്കുന്ന തരത്തിലുള്ള പാലം നിർമ്മിക്കുന്നതിനും തയ്യാറാണെന്നും പരാമർശം (5) പ്രകാരം കോട്ടയം എസ് എച്ച് മെഡിക്കൽ സെന്റർ ഡയറക്ടർ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ആശുപത്രി എന്ന പരിഗണനയിൽ, കോട്ടയം നഗരസഭയിൽ 13-ാം വാർഡിൽ ശാസ്ത്രി റോഡിനെയും നാഗമ്പടം റെയിൽവേ സ്റ്റേഷൻ റോഡിനെയും തമ്മിൽ ബന്ധിച്ചിരിക്കുന്ന കെ.എം വർഗ്ഗീസ് റോഡിന്റെ ഇരുഭാഗത്തുമുള്ള എസ് എച്ച് മെഡിക്കൽ സെന്റർ ആശുപത്രിയുടെ കെട്ടിടങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് നടപ്പാലം നിർമ്മിക്കുന്നതിന്, കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 351(2) പ്രകാരം ഏതെങ്കിലും വ്യവസ്ഥകൾ കൗൺസിൽ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അപ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച്, അനുമതി നൽകാൻ കോട്ടയം നഗരസഭ സെക്രട്ടറിക്ക് അനുവാദം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYANTHI B S

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ജില്ല ജോയിന്റ് ഡയറക്ടർ, കോട്ടയം
സെക്രട്ടറി, കോട്ടയം നഗരസഭ
ഡയറക്ടർ, എസ്എച്ച് മെഡിക്കൽ സെന്റർ, കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് /എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് ( വെബ് ആന്റ് ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി ( LSGD-RA3/56/2022-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Shini Pereira. V
Date: 01-01-2026 17:20:35

സെക്ഷൻ ഓഫീസർ